ടൂറിസ്റ്റ് ബസ്സുകളിൽക്കൂടി കടത്തിക്കൊണ്ടുവരുന്ന സാധനങ്ങൾ പരിശോധിക്കാറുണ്ട്. മതിയായ രേഖകൾ ഇല്ലാത്ത നികുതി വിധേയമായ സാധനങ്ങൾക്ക് നികുതിയുടെ ഇരട്ടി തുക ജാമ്യമായി ഈടാക്കി വരുന്നു.

(ഡി) വളരെ ഗൗരവമായി കണ്ടുകൊണ്ടുതന്നെ എല്ലാ ചെക്ക് പോസ്റ്റുകളിലെ ഉദ്യോഗസ്ഥൻമാർക്കും ഇന്റലിജൻസ് സ്കാഡുകളും നിർദ്ദേശം നൽകുകയും അതനുസരിച്ച് വെട്ടിപ്പ് കണ്ടു പിടിക്കപ്പെടുകയും ചെയ്തുവരുന്നു. ഇക്കാര്യം മോട്ടോർവാഹന ഡിപ്പാർട്ട്മെന്റ് അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടുത്തിയിട്ടുണ്ട്.

(ഇ) ചെക്ക്പോസ്റ്റുവഴിയുള്ള നികുതിവെട്ടിപ്പ് തടയുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇന്റലിജൻസ് സ്കാഡുകൾ ചെക്ക്പോസ്റ്റുകളിൽക്കൂടി കടന്നുവരുന്ന വാഹനങ്ങൾ പരിശോധിക്കുകയും നികുതി വെട്ടിപ്പ് ബോദ്ധ്യമാകുന്ന കേസ്സുകളിൽ നികുതിവിധേയമായ സാധനത്തിന്റെ നികുതി തുകയുടെ ഇരട്ടിത്തുക ജാമ്യമായി സ്വീകരിക്കുന്നു. സംസ്ഥാനത്തെ പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളായ വാളയാർ, മഞ്ചേശ്വരം, അമരവിള എന്നിവ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണറുടെ നിയന്ത്രണത്തിലാക്കി. വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ കൂടെക്കൂടെ ചെക്ക്പോസ്റ്റുകളിൽ മിന്നൽ പരിശോധന നടത്തുന്നു. ഹൈവേയിൽ സ്ഥിതിചെയ്യുന്ന ചെക്ക്പോസ്റ്റുകളിലെ വാഹനപരിശോധന സുഗമമാക്കാൻ ചരക്കുവാഹനങ്ങൾ പാർക്ക് ചെയ്ത് പരിശോധന നടത്തുന്നതിന് ചെക്ക്പോസ്റ്റുകൾക്കുവേണ്ടി സ്ഥലം അക്വയർ ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു. സമാന്തര പാതകളിൽക്കൂടിയുള്ള കള്ളക്കടത്ത് തടയുന്നതിന് ബൈറൂട്ട് ചെക്ക്പോസ്റ്റുകളും സ്ഥാപിച്ചുവരുന്നു. കൂടാതെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതുവഴിയും നികുതി വെട്ടിപ്പ് തടയാൻ ഉദ്ദേശിക്കുന്നു. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നീരീക്ഷിക്കുന്നതിനും ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും കമേഴ്സ്യൽ ടാക്സ് കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർമാർ, ഇന്റലിജൻസ് വിഭാഗം ആഫീസർമാർ എന്നിവർ പരിശോധനകൾ തുടർച്ചയായി നടത്തിവരുന്നുണ്ട്.

11 (321) ലോട്ടറി നിരോധനം

<u>ശ്രീ. ടി.എം. ജേക്കബ്</u> :

<u>ശ്രീ. ആർ ബാലകൃഷ്ണപിള്ള</u> :

<u>ശ്രീ. ജോണി നെല്ലൂർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനസർക്കാർ നടത്തുന്ന ലോട്ടറികൾ നിരോധിക്കണമെന്ന നിലപാട് കേന്ദ്രസർക്കാർ പുനഃപരിശോധിച്ചിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാരിന്റെ തീരുമാനത്തിനെതിരെ സംസ്ഥാന സർക്കാർ ഇതുവരെ എടുത്ത നടപടികൾ എന്തെല്ലാമാണ്;

(സി) കഴിഞ്ഞ പത്തുവർഷമായി ലോട്ടറി ഇനത്തിൽ സംസ്ഥാനത്തിനു ലഭിച്ചിട്ടുള്ള മിച്ചം എത്ര കോടി രൂപയാണ്;

(ഡി) ലോട്ടറി ഡിപ്പാർട്ട്മെന്റിൽ എത്ര ആളുകൾ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ലോട്ടറിയുമായി ബന്ധപ്പെട്ട് എത്രയാളുകൾക്ക് ജോലി ലഭിക്കുന്നണ്ടെന്നാണ് സർക്കാരിന്റെ കണക്ക് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുനഃപരിശോധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭാഗ്യക്കുറി നിരോധനവാർത്ത ശ്രദ്ധയിൽപ്പെട്ടതിന്റെ വെളിച്ചത്തിൽ സംസ്ഥാന ഭാഗ്യക്കുറിയെ സംബന്ധിച്ച സമഗ്രവിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനമുഖ്യമന്ത്രി, കേന്ദ്ര ആഭ്യന്തരമന്ത്രിക്കു രണ്ടു തവണ കത്തെഴുതുകയും പ്രസ്തുത കത്തിലെ വിശദാംശങ്ങൾ പരിശോധിച്ചുവരുന്നതായി കേന്ദ്ര ആഭ്യന്തരമന്ത്രി അറിയിക്കുകയും ചെയ്തു. ഈ നിരോധനം ബില്ലാക്കി പാർലമെന്റിൽ കൊണ്ടുവരാതിരിക്കാൻ കേരള സർക്കാർ സാദ്ധ്യമായ എല്ലാ സമ്മർദ്ദവും ചെലുത്തി. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ധനകാര്യമന്ത്രി, പ്രധാനമന്ത്രിക്കും, കേന്ദ്ര ആഭ്യന്തരമന്ത്രിക്കും ഫാക്സ് സന്ദേശം അയച്ചിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രി പ്രധാനമന്ത്രിക്കു നൽകുന്ന മെമ്മോറാണ്ടത്തിൽ ഈ ആവശ്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള എം.പി.മാർ സംയുക്തമായി ചെറുത്ത്നിൽപ്പ് സംഘടിപ്പിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇന്റർ സ്റ്റേറ്റ് കൗൺസിൽ മീറ്റിങ്ങിലും, മുഖ്യമന്ത്രിമാരുടെ യോഗങ്ങളും ലോട്ടറി നിരോധനത്തിനെതിരെ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ പത്തുവർഷമായി സംസ്ഥാന ഭാഗ്യക്കുറി വഴിലഭിച്ച മിച്ചം 100,14,40,756/- രൂപയാണ്.

(ഡി) 458 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(ഇ) ഭാഗ്യക്കുറിവകുപ്പിലെ 458 ജീവനക്കാരെ കൂടാതെ 32000 ത്തോളം അംഗീകൃത ഏജന്റുമാരും അവരുടെ കീഴിൽ പണിയെടുക്കുന്ന ഏകദേശം 2 1/2 ലക്ഷത്തോളം വരുന്ന വിൽപ്പനക്കാരും മറ്റു അനുബന്ധ തൊഴിലാളികളും ലോട്ടറിയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നുണ്ട്.

*12 (322) ഓരോ വർഷത്തെയും മുതലെടുപ്പ്

<u>ശ്രീമതി റോസമ്മ ചാക്കോ</u> :

<u>ശ്രീമതി രാധാ രാഘവൻ</u> :

<u>ശ്രീ. എഴുകോൺ നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഓരോ വർഷത്തെയും മുതലെടുപ്പ് എത്ര വീതമായിരുന്നു;

(ബി) ഈ കാലഘട്ടത്തിൽ പലിശയിനത്തിൽ എന്തു തുക വീതം ഓരോ വർഷവും അടയ്ക്കേണ്ടതായി വന്നു;

(സി) ആകെ വരുമാനത്തിന്റെ എത്ര ശതമാനം വീതമാണ് ഓരോ വർഷവും പലിശയിനത്തിൽ അടയ്ക്കേണ്ടതായി വന്നത്;

(ഡി) ഈ ധനകാര്യ വർഷം ഇതുവരെ എന്തു തുക പലിശയായി നൽകി?

ഉത്തരം

(എ)	<u>വർഷം</u>	<u>തുക (കോടി രൂപയിൽ)</u>
	1996-97	1049.73

LIBRARY ARCHIVES Kerala Legislative Assembly